പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2870 **29-10-2026-ൽ മറുപടിയ്ക്ക്**

കോഴിക്കോട് നഗരത്തിലെ പൊതുമരാമത്ത് റോഡിലെ ഗതാഗതക്കുരുക്ക്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഫൈസൽ ബാബു ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് നഗരത്തിലെ മാങ്കാവ് ജംഗ്ഷൻ, മീഞ്ചന്ത ജംഗ്ഷൻ, പാളയം, പുഷ്പ ജംഗ്ഷൻ, മാനാഞ്ചിറ, ബീച്ച് റോഡ്, മാവൂർ റോഡ് എന്നിവിടങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളും അതിന്റെ ഫലപ്രാപ്തിയും സംബന്ധിച്ച് വിശദമാക്കാമോ?

മറുപടി: പാളയം പുഷ്പ ജംഗ്ഷൻ ഉൾപ്പെടെ കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള പ്രവർത്തികൾക്കായി 200 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പാളയം പുഷ്പ ജംഗ്ഷന്റെ അലൈൻമെന്റ് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനായി 414.28 കോടി രൂപ അനുവദിക്കുന്ന വിഷയം പരിശോധനയിലാണ്. കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഫേസ് 1(A)-ൽ ഉൾപ്പെട്ട പുഷ്പ ജംഗ്ഷൻ, മങ്കാവ് ജംഗ്ഷൻ എന്നീ റോഡുകൾ വികസിപ്പിച്ചിട്ടുണ്ടെങ്കിലും ഗതാഗതബാഹുല്യം കാരണം ഗതാഗതക്കുരുക്ക് അനുഭവിക്കുന്നുണ്ട്. ട്രാഫിക്ക് സിഗ്നലുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ട്രാഫിക്ക് ബാഹുല്യം കാരണം ട്രാഫിക്ക് പോലീസ് സിഗ്നലുകൾ പ്രവർത്തിപ്പിക്കാതെ നേരിട്ട് ഗതാഗതം നിയന്ത്രിക്കുകയാണ് ചെയ്ത് വരുന്നത്. കൂടാതെ കല്ലുത്താൻക്കടവ് ജംഗ്ഷൻ മുതൽ മീഞ്ചന്ത ജംഗ്ഷൻ വരെ കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ **ഫേസ് 2** -ൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നുണ്ട്. Phase 1(B) - മാനാഞ്ചിറ, മാവൂർ റോഡ് നിർമ്മാണ ഘട്ടത്തിലുമാണ്.

സെക്ഷൻ ഓഫീസർ